പൂർത്തിയാക്കിയതും നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ എന്തൊക്കെയെന്ന് സാമ്പത്തികവർഷം തിരിച്ചും പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ചും വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) നാളിതുവരെ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ആരംഭിക്കാത്തത് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് അറ്റകുറ്റപ്രവൃത്തികൾ പൂർത്തിയാക്കിയതും നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ എന്തൊക്കെയെന്ന് സാമ്പത്തികവർഷം തിരിച്ചും പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ചും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടെണ്ടർ ചെയ്തതിൽ ആരംഭിക്കാത്തതായി പ്രവൃത്തികൾ ഒന്നും തന്നെയില്ല

സ്മാർട്ടജിക് റോഡ് നെറ്റ്‌വർക്ക് പദ്ധതി

278 (4029) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ടജിക് റോഡ് നെറ്റ്‌വർക്ക് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പദ്ധതിക്കായി റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) കേരളത്തിന്റെ സാമ്പത്തികവും സാമൂഹികവും വ്യാവസായികവുമായ വളർച്ചയ്ക്ക് സഹായകരമാകുന്ന റോഡുകൾ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനായി കേരളത്തിലെ തന്ത്രപ്രധാന മേഖലകളായ റെയിൽവേ സ്റ്റേഷൻ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിമാനത്താവളം, ഇറമുഖങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, താലൂക്ക്, ജില്ലാ ആസ്ഥാനങ്ങൾ, പട്ടണങ്ങൾ, വികസന കേന്ദ്രങ്ങൾ, ഐ.റ്റി. പാർക്കുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവയെ ഉൾപ്പെടുത്തിയാണ് സ്ട്രാറ്റജിക് റോഡ് നെറ്റ്വർക്ക് നടപ്പിലാക്കുന്നത്. ഇവയെല്ലാം തമ്മിൽ ബന്ധിപ്പിച്ച് കേരളത്തിന്റെ കാർഷിക വ്യാവസായിക മേഖലകൾക്ക് അടിസ്ഥാന സൗകര്യത്തിന് ഉതകുന്ന രീതിയിലാണ് റോഡുകൾ തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

കാക്കയുരുത്ത് പാലം നിർമ്മാണം

279 (4030) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ കാക്കയുരുത്ത് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എത്ര യോഗങ്ങൾ ചേർന്നു ; അതുപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചോ ; ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ എവിടെയാണ് എന്നറിയിക്കാമോ ;

(ബി) പൊതുമരാമത്ത് വകുപ്പ് അനുകൂല നിർദ്ദേശത്തോടെ ഫയൽ ധനകാര്യ വകുപ്പിന് നൽകിയോ ;

(സി) ധനകാര്യ വകുപ്പിൽ നിന്നും അനുകൂല അനുമതി നേടി എത്രയും വേഗം റീ-ടെണ്ടർ ചെയ്ത് പാലം പണി പുനരാരംഭിക്കുമോ ;

(ഡി) സ്ഥലം ഉടമ ജില്ലാ കളക്ടറുടെ മുന്നിൽ സ്ഥലം വിട്ടുനൽകുവാൻ സമ്മതിച്ച സാഹചര്യത്തിൽ മറ്റ് തടസ്സങ്ങൾ ഒന്നുമില്ലാത്തതിനാൽ പാലം പണി പൂർത്തീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഇതുസംബന്ധിച്ച് 1-7-2014-ൽ ഒരു യോഗം ചേർന്നിട്ടുണ്ട്. യോഗതീരുമാനമനുസരിച്ച് പണി പുനരാരംഭിക്കുന്നതിനായി ബാലൻസ് എസ്റ്റിമേറ്റ് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചെങ്കിലും നിലവിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ ബന്ധപ്പെട്ട പണിയിൽ നിന്നും ഒഴിവാക്കാത്തതിനാൽ ഇതിൻമേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിലെ കരാർ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി അവസാനിപ്പിക്കുന്നത് സംബന്ധിച്ച ഫയൽ ഇപ്പോൾ സർക്കാർ പരിശോധിച്ചുവരുന്നു. നിലവിലെ കരാർ അവസാനിപ്പിച്ചതിനുശേഷം പാലം

LIBRARY ARCHIVES Kerala Legislative Assembly